**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5882** **25-03-2025 - ൽ മറുപടിയ്ക്ക്**

**ഐ.ടി. പാർക്കിനായി ഏറ്റെടുത്ത ഭൂമിയിൽ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം പുല്ലുപാറയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാനായി ഏറ്റെടുത്ത ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ ഉന്നതതലത്തിൽ പരിഹരിച്ച് ഭൂമി കൈമാറ്റം വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം പുല്ലുപാറയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാനായി സർക്കാർഏറ്റെടുത്ത് ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് നൽകിയ ഭൂമി വ്യവസായ വകുപ്പിന് കീഴിലുള്ള കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറുന്ന വിഷയം ചർച്ച ചെയ്യുവാൻ 20-03-2025 ന് വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതലയേഗം ചേരുകയും ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുവാൻ ബന്ധപ്പെട്ടവർക്ക് കർശനനിർദ്ദേശം നൽകുകയും പ്രശ്നപരിഹാരം നിർദ്ദേശിക്കുന്നതിനായി റവന്യൂ വകുപ്പ്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവരിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിയ്ക്കുവാൻ തീരുമാനിയ്ക്കുകയും ചെയ്തു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് തന്നെ പ്രസ്തുത വ്യവസായ പാർക്കിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി വ്യവസായ വകുപ്പിന് കൈമാറിക്കിട്ടിയാൽ മാത്രമേ വ്യവസായ പാർക്കിന്റെ പ്രവർത്തനം തുടങ്ങുന്നതിന് സാധിക്കൂ. |

സെക്ഷൻ ഓഫീസർ